LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രമാണ് മലമ്പുഴ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹം പറഞ്ഞതുപോലെ 'ഹം കിസിസെ കം നഹിം' പോലെ നിരവധി സിനിമകൾ മലമ്പുഴയിൽ ചിത്രീകരിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ ഇഷ്ട കേന്ദ്രമായ മലമ്പുഴ ഡാമും ഉദ്യാനവും കേരളത്തിലെ ടൂറിസത്തിന്റെ ആരംഭ കാല ഘട്ടത്തിൽ സഞ്ചാരികളുടെ ശ്രദ്ധയാകർഷിച്ചതാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. വലിയ വികസനസാദ്ധ്യത നിലനിൽക്കുന്ന ടൂറിസം കേന്ദ്രമായാണ് ടൂറിസം വകുപ്പും മലമ്പുഴയെ നോക്കിക്കാണുന്നത്. 2018-19 സാമ്പത്തിവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 10 കോടി രൂപ അടങ്കൽ തുകയായും 20 ശതമാനം തുക വകയിരുത്തിയതുമനുസരിച്ച് പദ്ധതി തയ്യാറാക്കണമെന്ന് അന്നത്തെ ബഹുമാനപ്പെട്ട എം.എൽ.എ. ടൂറിസം വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പ് സാദ്ധ്യതാപഠനം നടത്തി പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. മലമ്പുഴയിൽ അനുവദിച്ച ഒരു കോടി മുപ്പത്തിയാറ് ലക്ഷം രൂപയുടെ വേൾഡ് ക്ലാസ്സ് ടോയ്‌ലെറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പുമായി നേരിടുന്ന തടസ്സങ്ങൾ മാറ്റുന്നതിനുള്ള അടിയന്തരനടപടി ടൂറിസം ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ മലമ്പുഴയിലെ വികസനത്തിന് സർക്കാർ മുൻഗണന നൽകുന്നുണ്ട്. മലമ്പുഴ ഡാം ഉൾപ്പെടെയുള്ള ഡാമുകളിലെ ടൂറിസം വികസനം സംബന്ധിച്ച് പ്രാഥമിക കൂടിയാലോചനകൾ നടന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി വിശദയോഗം വിളിച്ചുചേർക്കാൻ ആലോചിച്ചിട്ടുണ്ട്. ഇതിനോടകം മലമ്പുഴയുടെ നവീകരണം സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യംകൂടി ഇവിടെ അറിയിക്കുകയാണ്. കേരളത്തിലെ ഡാമുകളുമായി ബന്ധപ്പെട്ട് ഇറിഗേഷൻ-ടൂറിസം സാദ്ധ്യതകളെ സംബന്ധിച്ച് വിളിച്ചുചേർക്കുന്ന യോഗത്തിൽ മലമ്പുഴ ഒരു പ്രധാന അജണ്ടയുമായിരിക്കുമെന്നാണ് അറിയിക്കാനുള്ളത്.

### (8) പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. വി. സുമേഷ്: സർ, ആയിരത്തിലേറെ വർഷം പഴക്കമുള്ള കക്കുളങ്ങര പള്ളി സ്ഥിതിചെയ്യുന്നത് പുരാതന വാണിജ്യ നഗരമായ വള പട്ടണത്താണ്. മുഹമ്മദ് ഖാസി എന്നയാളാണ് ഈ പള്ളി സ്ഥാപിച്ചത്. ഒരുപാട് വിശ്വാസികൾ വരുന്ന പ്രധാനപ്പെട്ട ആരാധനാ കേന്ദ്രമാണിത്. കേരളത്തിലെ ഏറ്റവും പഴക്കമുള്ള മുസ്ലിംപള്ളികളിൽ ഒന്നാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു കോടി രൂപ തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി

ടൂറിസം ഡിപ്പാർട്ടുമെന്റിന് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർനടപടികളുണ്ടായില്ല. മാത്രമല്ല, ചിറയ്ക്കൽ രാജവംശം മതസൗഹാർദ്ദത്തിന്റെ വളരെ പ്രധാനപ്പെട്ടൊരു കേന്ദ്രം കൂടിയാണ്. ചിറയ്ക്കൽ രാജാവാണ് ഖാസിക്ക് അധികാര പട്ടം നൽകിയത്. കക്കളങ്ങര പള്ളിയുടെ പൈതൃക സംരക്ഷണത്തിനുള്ള പദ്ധതി എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ടൂറിസം വകുപ്പ് കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന തലശ്ശേരി പൈതൃക പദ്ധതിക്ക് രണ്ട് ഘട്ടങ്ങളിലായി 28 വികസന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതു പോലെ കക്കളങ്ങര പള്ളി വളരെയേറെ പഴക്കം ചെന്ന മുസ്ലിം പള്ളിയാണ്. വളപട്ടണത്തെ കക്കളങ്ങര പള്ളിയുടെ നവീകരണത്തിന് ഒരു കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് നിർമ്മാണച്ചുമതല. പദ്ധതി 4 പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാരെ കണ്ടെത്തുവാൻ കെ.ഐ.ഡി.സി.-ക്ക് കഴിയാത്തതിനെത്തുടർന്ന് ക്വട്ടേഷൻ വ്യവസ്ഥയിൽ കരാറുകാരനെ തെരഞ്ഞെടുക്കാൻ നിർവ്വഹണ ഏജൻസി തീരുമാനിക്കുകയായിരുന്നു. ഇതനുസരിച്ചുള്ള കുറഞ്ഞ ക്വട്ടേഷന് 15-9-2021-ലെ ബോർഡ് യോഗം അംഗീകാരം നൽകിയതായി കെ.ഐ.ഡി.സി. അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

## (9) തൂക്കുപാലം നിർമ്മാണം

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം പാലപ്പുറത്ത് മീറ്റ്നയിൽ നിന്ന് ചേലക്കര നിയോജകമണ്ഡലത്തിലെ കൈത്തറി ഗ്രാമമായ കുത്താമ്പുള്ളിയെ ബന്ധിപ്പിക്കുന്ന മീറ്റ്ന-കുത്താമ്പുള്ളി തൂക്കുപാലം നിർമ്മിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വള്ളുവനാടിന്റെ സാംസ്കാരിക കേന്ദ്രമായ ഒറ്റപ്പാലം നിരവധി സിനിമകളുടെ ഷൂട്ടിംഗ് ലോക്കേഷനുമാണ്. താലൂക്ക് ആസ്ഥാനം എന്ന നിലയിലും കലാ-സാംസ്കാരിക കേന്ദ്രമെന്ന നിലയിലും പ്രാധാന്യമർഹിക്കുന്ന ഒറ്റപ്പാലത്ത് പാലപ്പുറം നെയ്ത്തുഗ്രാമവും ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളി ഗ്രാമവും ഇന്ത്യയിലെ ഏറ്റവും പ്രശസ്തിയാർജ്ജിച്ച കൈത്തറി ഗ്രാമങ്ങളാണ്. ഈ രണ്ട് മേഖലയെയും ബന്ധിപ്പിക്കുന്ന തൂക്കുപാലം യാഥാർത്ഥ്യമായാൽ ടൂറിസം രംഗത്ത് വിപുലമായ സാദ്ധ്യതകളാണ്

LIBRARY ARCHIVES Kerala Legislative Assembly